# കേന്ദ്ര വിദേശകാര്യ സഹ മന്ത്രി ശ്രീ എം.ജെ അക്ബറിന്റെ സെനെഗല് സന്ദര്ശനം

സെപ്തംബര് 14, 2017

കേന്ദ്ര വിദേശകാര്യ സഹ മന്ത്രി ശ്രീ എം.ജെ അക്ബര് , പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ പ്രത്യേക ദൂതനായി സെപ്തംബര് ആറു മുതല് എട്ടു വരെ (സെപ്തംബര് 6-8 , 2017 ) സെനെഗല് സന്ദർശിച്ചു

സന്ദർശനത്തിന്റെ ഭാഗമായി അദ്ദേഹം പ്രസിഡണ്ട് ശ്രീ മാക്കി സാലിനെ കാണുകയും പ്രധാനമന്ത്രി മോദിയുടെ നന്ദി കത്ത് കൈമാറുകയും ചെയ്തു. അന്താരാഷ്ട്ര നീതിന്യായ കോടതിയിലേക്ക് 2018-27 കാലത്തേക്ക് വീണ്ടും തെരഞ്ഞെടുപ്പിന് ഇന്ത്യയുടെ സ്ഥാനാർഥി ജസ്റ്റിസ് ഡോ. ദൽവീർ ഭണ്ഡാരിയെ പിന്തുണച്ചതിനു സെനെഗലിനുള്ള നന്ദി ആയിരുന്നു കത്തിലെ ഉള്ളടക്കം . തെരഞ്ഞെടുപ്പു നവംബർ 2017 നു ന്യൂയോർക്കില് നടക്കും. ഈ കൂടിക്കാഴ്ചയില് സെനെഗലിലെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി ശ്രീ മൌഹമ്മദ് ബൌന് അബ്ദല്ലാഹ് ദിയോനും സന്നിഹിതനായിരുന്നു. കേന്ദ്ര വിദേശകാര്യ സഹമന്ത്രിയും പ്രസിഡണ്ട് മക്കി സാലും ഇന്ത്യ-സെനെഗല് ഉഭയകക്ഷി ബന്ധങ്ങളിലെ വിവിധ മേഖലകള് ചർച്ച ചെയ്തു.

നവംബർ 2017 നു നടക്കുവാനിരിക്കുന്ന ആഫ്രിക്കയിലെ സമാധാനത്തിനും സുരക്ഷക്കുമായുള്ള ദക്കർ അന്താരാഷ്ട്ര ഫോറം ഫോര് പീസ് ആൻഡ് സെക്യൂരിറ്റിക്കുള്ള ഇന്ത്യയുടെ സംഭാവനയായ 50,000/- യൂറോയുടെ ഒരു ചെക്ക് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എംജെ അക്ബര് സെനഗലിലെ വിദേശ കാര്യ മന്ത്രാലയത്തിലെ സെക്രെട്ടറി ജനറല് അംബാസഡര് മാമേ ബാബ സിസ്സേക്ക് കൈമാറി . കഴിഞ്ഞ വർഷം നടന്ന ആഫ്രിക്കയിലെ സമാധാനത്തിനും സുരക്ഷക്കുമായുള്ള ദക്കര് അന്താരാഷ്ട്ര ഫോറം ഫോര് പീസ് ആൻഡ് സെക്യൂരിറ്റിക്കുള്ള ഇന്ത്യയുടെ പിന്തുണക്കുകയും യൂറോ 50,000/-.സംഭാവനയായും നൽകിയെന്നതും ചൂണ്ടിക്കാണിക്കപ്പെടേണ്ടതാണ് .

സെനെഗലിലെ വിദ്യാഭ്യാസ വിചക്ഷണന്മാര് , സെനഗലിലേക്ക് അധികാരപ്പെടുത്തിയ അംബാസാഡർമാര് , ബുദ്ധിജീവികള് , മാധ്യമ പ്രവർത്തകര് എന്നിവർക്ക് വേണ്ടി, സെനഗലിലെ വിദഗ്ധ സംഘമായ വെസ്റ്റ് ആഫ്രിക്കന് റിസർച്ച് സെന്ററില് (West African Research Center (WARC), '' ഇന്ത്യാസ് സിനെർജി വിത്ത് ആഫ്രിക്ക '' എന്ന വിഷയത്തില് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബര് സംഭാഷണം നടത്തി

ദകര് ചേംബര് ഓഫ് കൊമേഴ്സ് , ഇൻഡസ്ട്രി, അഗ്രികൾച്ചറില് ( സിസിഐഎഡി) സെനഗല് ബിസിനസുകാർക്കുള്ള വേണ്ടി ''ന്യൂ ഇന്ത്യാസ് ട്രാൻസ്ഫർമേഷന്'' എന്ന വിഷയത്തില് അദ്ദേഹം പ്രഭാഷണം നടത്തുകയും ചെയ്തു റിനൈസൻസ് മോണുമെന്ററില് നടന്നു കൊണ്ടിരിക്കുന്ന ഗാന്ധി പ്രദർശനം കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബര് സന്ദർശിക്കുകയും അവിടെ അദ്ദേഹം മഹാത്മാ ഗാന്ധി സുവനീറുകള് യുവ സെനെഗല് ഗാന്ധിയന്മാർക്ക് വിതരണം ചെയ്യുകയും ചെയ്തു . പ്രദർശനത്തിലെ സന്ദര്ശക ബുക്കിലും അദ്ദേഹം ഒപ്പ് വച്ചു

അദ്ദേഹത്തിന്റെ ആദരസൂചകമായി ഒരുക്കിയ വിരുന്നില് സെനെഗലിലെ ഇന്ത്യന് സമൂഹത്തെ മന്ത്രി അഭിസംബോധന ചെയ്തു

അദ്ദേഹം പ്രധാനപ്പെട്ട അടിമ വ്യാപാര കേന്ദ്രവും യുനെസ്കോ ലോക പൈതൃക കേന്ദ്രവുമായ ഗോരീ ദ്വീപ് സന്ദർശിക്കുകയും ദ്വീപിലെ സ്ലേവ് ഹൌസിലെ സന്ദര്ശക പുസ്തകത്തില് ഒപ്പ് വയ്ക്കുകയും ചെയ്തു ,

ന്യൂഡെൽഹി
സെപ്തംബര് 14, 2017